പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2572 18.06.2014 ലെ മറുപടിക്ക്

## വീടില്ലാത്ത പട്ടികജാതി കുടുംബങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ.കെ.ബാലൻ<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | വീടില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് വീടുവയ്ക്കാനും തകർന്ന വീടുകൾ നന്നാക്കാനുമുള്ള പദ്ധതി ഫലപ്രദമായി നടക്കാത്തതിന്റെ കാരണം അറിയിക്കാമോ; | (എ) | പട്ടികജാതി കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിനായി 2 ലക്ഷം രൂപയും ഭവനപുനരുദ്ധാരണം/ അഡീഷണൽ റൂമിനായി 50000/- രൂപയുമാണ് നല്കിവരുന്നത്. നിർമ്മാണ സാമഗ്രികളുടെ വില, പണിക്കൂലി, ലോഡിംഗ് /അൺലോഡിംഗ് ചാർജ്ജ് എന്നിവയിലുണ്ടായ വർദ്ധനവ് കാരണം ഈ തുക കൊണ്ട് ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണം പൂർത്തിയാക്കാൻ കഴിയുന്നില്ല.<br>തപാൽ ഓഫീസുകൾ മുഖേനയാണ് ഭവന നിർമ്മാണ ധനസഹായം നല്കിവന്നിരുന്നത്. ഗുണഭോക്താക്കൾക്ക് തുക ലഭിക്കുന്നതിലുണ്ടായ കാലതാമസം ഒഴിവാക്കാൻ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് മുഖേന വിതരണം ചെയ്യുവാൻ തീരുമാനിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ ഇ-ഹൗസിംഗ് സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി 2013 ഡിസംബർ അവസാന വാരം മുതലാണ് ധനസഹായ വിതരണം ആരംഭിച്ചത്.<br>ഭവനപുനരുദ്ധാരണം/ അഡീഷണൽ റൂം എന്ന പദ്ധതി 2013-14 ൽ ആരംഭിച്ചതാണ്. ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ്, ബാങ്ക് അക്കൗണ്ട് ആരംഭിക്കൽ എന്നിവ പൂർത്തിയാക്കിയിരുന്നുവെങ്കിലും, ഇതിലേക്കാവശ്യമായ സോഫ്റ്റ്‌വെയർ 2014 ഫെബ്രുവരി മാസത്തിൽ പൂർത്തിയാക്കി, 2014 മാർച്ച് മാസം മുതലാണ് ധനസഹായ വിതരണം ആരംഭിച്ചത്.<br>ഈ സാഹചര്യത്തിലാണ് 2013-14 വർഷം പ്രസ്തുത പദ്ധതികൾ പൂർണ്ണമായും ഫലപ്രദമാകാതിരുന്നത്. |
| (ബി) | പണിപൂർത്തിയാകാത്ത വീടുകളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്; 2007-08 മുതൽ 2013-14 വരെ അനുവദിച്ചതിൽ 01.04.2014 വരെ 15268 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കാനുണ്ട്. |
| (സി) | കഴിഞ്ഞ വർഷം ബജറ്റിൽ പട്ടികജാതിയിൽപ്പെട്ട ഭവനരഹിതർക്ക് വീടു നിർമ്മിക്കുന്നതിനായി നീക്കിവെച്ചിരുന്ന 125 കോടി രൂപയിൽ 20% മാത്രം ചെലവഴിക്കാനിടയായ സാഹചര്യത്തെക്കുറിച്ച് വിശദീകരിക്കാമോ? | (സി) | കഴിഞ്ഞ വർഷം ബജറ്റിൽ വകയിരുത്തിയ 125 കോടി രൂപയിൽ 9,909.75 ലക്ഷം രൂപ (79.278%) ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ